ശ്രീ. കെ. കൊച്ചുകുട്ടൻ : കോട്ടയം ജില്ലയിലും, ആലപ്പുഴ ജില്ലയിലും ഒരാൾതന്നെ ചെയർമാനായിരിക്കുന്നതിനുകാരണമായി പറഞ്ഞതു് ഖാദി പ്രവർത്തനത്തിൽ കൂടുതൽ പരിചയമുള്ളതിന്റെ അടിസ്ഥാനത്തിലാണെന്നാണു്. അവിടത്തെ ചെയർമാൻ ഖാദിയുമായിട്ടോ, വില്ലേജു പ്രവർത്തനങ്ങളുമായിട്ടോ യാതൊരു ബന്ധവുമില്ലാത്ത ആളാണെന്നറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : ഖാദി പ്രവർത്തനവും, വില്ലേജു പ്രവർത്തനവുമായി യാതൊരു ബന്ധവുമില്ലാത്തയാളാണെന്നു പറയുന്നതു ശരിയല്ല. ഖാദിപ്രവർത്തനത്തിൽ വളരെ നല്ലപോലെ, ഖാദിബോർഡു മെമ്പറായിരിക്കുമ്പോൾ പ്രവർത്തിച്ചിട്ടുണ്ടെന്നു ബോദ്ധ്യമുള്ളയാളാണു് അദ്ദേഹം.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ആളിന്റെ ലക്ഷണം പലതും പറഞ്ഞല്ലോ ; ആളിന്റെ പേരുകൂടി പറയാമോ ?

മി. സ്പീക്കർ : ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഖാദിബോർഡു് ആദ്യമായിചേർന്ന യോഗത്തിൽ, ഖാദിബോർഡിലെ മെമ്പറന്മാരെങ്കിലും ഖദർ ധരിക്കണമെന്നു് അഭിപ്രായപ്പെടത്തക്കവണ്ണം ഖാദിധരിക്കാതെ സംബന്ധിച്ചിരുന്ന ഒരു മെമ്പറാണു് പ്രസ്തുത ചെയർമാൻ എന്നറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : അതു ശരിയല്ല ; ഖാദിബോർഡു മെമ്പറന്മാർ എല്ലാവരും ഖദർധരിക്കുന്നവരാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ആലപ്പുഴ ചെയർമാൻ, ഖാദിധരിക്കുന്നതു് ഒരു ആപത്തായിരുന്നകാലത്തും ഒരു ഖദർധാരി ആയിരുന്നുവെന്ന വസ്തുത അറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : അറിയാം.

Starch Factory.

* 1338. [19] **Shri A. Kunjukrishnan :** Will the Minister for Industries be pleased to state:

(a) whether any private agency has applied to the Government for permission to start a starch factory at a certain place in Quilon District; and

(b) if so, will the Government be pleased to take a decision on the application at an early date?

Minister for Industries (**Shri K. P. Gopalan**):

(a) No.

(b) Does not arise.

അനധികൃതമായ വനംകയ്യേറ്റം.

* 1339. [20] ശ്രീമതി കുസുമം ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റിസർവ്വു വനങ്ങളിൽ, 26-4-1957-നു ശേഷം അനധികൃതമായി പ്രവേശിച്ചതിനു ഡിപ്പാർട്ടുമെന്റിൽനിന്നും എത്രപേരുടെ പേരിൽ എവിക്ഷൻ നടപടി സ്വീകരിച്ചിട്ടുണ്ടു് ;

(ബി) അങ്ങനെ ഡിപ്പാർട്ടുമെന്റിൽനിന്നും ഇറക്കിവിട്ട എത്രപേർക്കു് ഗവണ്മെന്റിൽനിന്നും സ്റ്റേ കൊടുത്തിട്ടുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly